പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1068 — 12/03/2015-ൽ മറുപടിക്ക്

## മാട്ടൂൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.വി. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് ; വിശദാംശം നല്കുമോ; | (എ) സ്കൂൾ വിഭാഗത്തിൽ 836 കുട്ടികളും ഹയർ സെക്കൻഡറി വിഭാഗത്തിൽ 470 കുട്ടികളും ഉൾപ്പെടെ ആകെ 1,306 കുട്ടികൾ പഠിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത് ; | (ബി) ഹൈസ്കൂൾ വിഭാഗത്തിൽ 33 അദ്ധ്യാപക തസ്തികകളും, 5 അനദ്ധ്യാപക തസ്തികകളും, ഹയർ സെക്കൻഡറി വിഭാഗത്തിൽ 21 അദ്ധ്യാപക തസ്തികകളും, 2 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്. |
| (സി) ഇവയിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ - 11, ലാബ് അസിസ്റ്റന്റിന്റെ - 1, ഹൈസ്കൂളിലെ എച്ച്.എസ്.എ. തസ്തികയിൽ സോഷ്യൽ സയൻസ് - 2, ഇംഗ്ലീഷ് - 3, അറബിക് - 1 ഉൾപ്പെടെ ആകെ 18 ഒഴിവുകൾ ഉണ്ട്. ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 213 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപ്പു വർഷം സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകക്കും ഭരണാനുമതി നൽകി കഴിഞ്ഞു. ഇതിൽ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെട്ടിട്ടില്ല. |

Sreedevi

സെക്ഷൻ ഓഫീസർ